(ബി) പരിഹാരവനവൽക്കരണ പദ്ധതി, ഗ്രാമവന പദ്ധതി, ഹരിതോത്സവം, അവന്യൂ പ്ലാന്റേഷൻ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(സി) അനുവദിച്ച തുകയിൽ ഇതുവരെ 91 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുക ഈ സാമ്പത്തിക വർഷം തന്നെ ചെലവഴിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

അനധികൃതമായി പ്രവർത്തിക്കുന്ന ചന്ദന ഫാക്ടറികൾ

96 (3305) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന ചന്ദന ഫാക്ടറികൾ നിർത്തലാക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

അനധികൃതമായി പ്രവർത്തിക്കുന്ന 23 ചന്ദന ഫാക്ടറികൾ അടച്ചു പൂട്ടുന്നതിന് സംസ്ഥാന സർക്കാർ 9-2-2005-ൽ ജി.ഒ.(എം.എസ്.) നമ്പർ 17/05/വനം ആയി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവനുസരിച്ച് അനധികൃതമായി പ്രവർത്തിക്കുന്ന ചന്ദന ഫാക്ടറികൾ അടച്ചുപൂട്ടാൻ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയുണ്ടായി. ഇപ്പോൾ സംസ്ഥാനത്തെ 23 ചന്ദന ഫാക്ടറികളും അടച്ചുപൂട്ടിയിട്ടുണ്ട്. ഇവ വീണ്ടും പ്രവർത്തിക്കുന്നില്ല എന്നു ഉറപ്പു വരുത്തുന്നതിനായി ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ നിതാന്ത ജാഗ്രത പുലർത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അനധികൃതമായി പ്രവർത്തിക്കുന്ന ചന്ദനഫാക്ടറികളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കണമെന്നും കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി ഫാക്ടറികൾക്ക് പ്രവർത്തിക്കാൻ വേണ്ട ലൈസൻസ് പുതുക്കുകയോ/ നല്കുകയോ ചെയ്യരുത് എന്ന് തദ്ദേശസ്വയംഭരണ വകുപ്പിനും ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൊമേഴ്സ്യൽ ടാക്സസ് കമ്മീഷണർ, സെൻട്രൽ എക്സൈസ് കളക്ടർ എന്നിവർക്ക് ടി ചന്ദന ഫാക്ടറികളിൽ നിന്നും യാതൊരു വസ്തുക്കളും വിൽക്കാനോ കയറ്റുമതി ചെയ്യാനോ അനുവദിക്കരുതെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ സ്മൃതിവനവും കണ്ടൽക്കാടുകളും

97 (3306) ശ്രീ. എം. മുരളി :
ശ്രീമതി മാധാ രാഘവൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ സ്മൃതിവനം പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്നും എത്ര ഹെക്ടർ സ്ഥലത്താണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly